"ഭരണഭാഷ - മാതൃഭാഷ"

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

*(1956-ലെ കമ്പനീസ് ആക്റ്റ് പ്രകാരം രൂപീകൃതം)*

**സെക്രട്ടറി (ഭരണം) യുടെ കാര്യാലയം**

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള

ടെലഫോൺ നം.: 91 471 2514456, 2514575, 2514504

ഫാക്സ് : 0471 2554039 ഇമെയിൽ : secretary@kseb.in

വെബ് സൈറ്റ് : www.kseb.in CIN :U40100KL2011SGC027424

---

**സംഗ്രഹം**

എസ്റ്റാബ്ലിഷ്മെന്റ് – സർവ്വീസിലുള്ള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജീവനക്കാർ നേടുന്ന അധിക വിദ്യാഭ്യാസ യോഗ്യത ഗ്രഡേഷൻ ലിസ്റ്റിൽ ചേർക്കുന്നതിന് നിലവിൽ അനുവർത്തിച്ച് വരുന്ന രീതികളിൽ ഭേദഗതികൾ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോർപ്പറേറ്റ് ഓഫീസ് (ഭരണം)**

**ഓഫീസ് ഓർഡർ (സി.എം.ഡി) നമ്പർ.46/2021 (എസ്റ്റാ.IV/4866/2020)**

**തീയതി, തിരുവനന്തപുരം 08.01.2021.**

---

പരാമർശം:- ചീഫ് എഞ്ചിനീയറുടെ (മാനവവിഭവശേഷി നിർവ്വഹണം) 09.09.2020-ലെ EB/Gr.2/Addl.data/2020-21 നമ്പർ കുറിപ്പ്.

**ഉത്തരവ്**

സർവ്വീസിലുള്ള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജീവനക്കാർ നേടുന്ന അധിക വിദ്യാഭ്യാസ യോഗ്യത ഗ്രഡേഷൻ ലിസ്റ്റിൽ ചേർക്കുന്നതിനും വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നത് ഒഴിവാക്കുന്നതിനും നിലവിൽ അനുവർത്തിച്ച് വരുന്ന രീതികളിൽ താഴെ പറയുന്ന ഭേദഗതികൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) കേരള സംസ്ഥാന സാക്ഷരതാമിഷന് കീഴിൽ നടത്തി വരുന്ന പത്താം ക്ലാസ്, പന്ത്രണ്ടാം ക്ലാസ് തുല്യതാ പരീക്ഷയിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് നിരാക്ഷേപ പത്രം ബാധകമാക്കേണ്ടതില്ല. എന്നാൽ തുല്യതാ പരീക്ഷയിൽ ഹാജരാകുന്നതിന് ജീവനക്കാർ ഓഫീസ് മേധാവിയുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്. തുല്യതാ പരീക്ഷ ഒഴികെയുള്ള എല്ലാത്തരം കോഴ്സുകൾക്കും ജീവനക്കാർ പാഠ്യപദ്ധതിയിൽ ചേരുന്നതിന് മുമ്പായി നിരാക്ഷേപ പത്രം

നിർബന്ധമായും വാങ്ങേണ്ടതും ആയത് സേവന പുസ്തകത്തിൽ ബന്ധപ്പെട്ട അധികാരി ചേർക്കേണ്ടതുമാണ്. നിരാക്ഷേപ പത്രം സേവന പുസ്തകത്തിൽ ചേർത്തിട്ടുള്ള ജീവനക്കാരുടെ മാത്രം അധിക വിദ്യാഭ്യാസ യോഗ്യത ഗ്രേഡേഷൻ ലിസ്റ്റിൽ ചേർക്കുന്നതിന് പരിഗണിച്ചാൽ മതിയാകുന്നതാണ്.

(2) ജീവനക്കാർ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകളുടെ (നിരാക്ഷേപ പത്രം ലഭ്യമായിട്ടുള്ള ജീവനക്കാർ മാത്രം) ആധികാരികത ബന്ധപ്പെട്ട അധികാരി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയ അധികാരിയുമായി നേരിട്ട് കത്തിടപാടുകൾ നടത്തിയോ മറ്റ് ലഭ്യമായ മാർഗ്ഗങ്ങളിലൂടെയോ സർട്ടിഫിക്കറ്റിന്റെ പ്രാമാണികത ഉറപ്പ് വരുത്തണം. ജീവനക്കാർ നേടുന്ന അധിക വിദ്യഭ്യാസ യോഗ്യത രേഖപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്ന നിർദ്ദിഷ്ട ഫോറത്തിന്റെ മാതൃക അംഗീകരിക്കുന്നു.

(3) യഥാസമയം നിരാക്ഷേപ പത്രം വാങ്ങാതെ സാങ്കേതിക കോഴ്സുകൾ ഉൾപ്പെടെയുള്ള എല്ലാത്തരം കോഴ്സുകളും പാസ്സായവരും നിലവിൽ കോഴ്സ് പഠനം നടത്തുന്നവർക്കും (01/10/2020-ന് മുമ്പായി കോഴ്സ് പഠനം ആരംഭിച്ച വർക്ക്) അനുഭാവപൂർണ്ണമായ ഒരു സമീപനത്തിന്റെ ഭാഗമായി നിരാക്ഷേപ പത്ര വ്യവസ്ഥയിൽ ഒരു തവണത്തേയ്ക്ക് മാത്രമായി ഇളവ് നൽകാവുന്നതാണ്. (ഏതെങ്കിലും രീതിയിലുള്ള വകുപ്പ് തല നടപടി നേരിടാത്തവർക്ക് മാത്രം)

മേൽപ്പറഞ്ഞ ഭേദഗതികൾ ഉൾപ്പെടുത്തി കൊണ്ട് സർവ്വീസ് കാലയളവിൽ നേടുന്ന അധിക വിദ്യാഭ്യാസ യോഗ്യത ഗ്രേഡേഷൻ ലിസ്റ്റിൽ ചേർക്കുന്നതിനുള്ള പുതുക്കിയ നടപടി ക്രമം 01-10-2020 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം
ഒപ്പ്,
പി.ജി ഉണ്ണികൃഷ്ണൻ
സെക്രട്ടറി (ഭരണം)

സ്വീകർത്താവ്

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും.

പകർപ്പ്:-

1. ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ആഡിറ്റർ/ചീഫ് വിജിലൻസ് ഓഫീസർ/ചീഫ് പേഴ്സണൽ ഓഫീസർ/ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
2. കമ്പനി സെക്രട്ടറി ഇൻ-ചാർജ്ജ്.
3. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്.ആർ.എം.)/ ഡയറക്ടർ (ജനറേഷൻ-സിവിൽ)/ഡയറക്ടർ (ജനറേഷൻ-ഇലക്ട്രിക്കൽ & എസ്.സി.എം)/ ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ & ആർ.ഇ.ഇ.എസ്)/ ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & സൗര) എന്നിവരുടെ ടെക്നിക്കൽ അസിസ്റ്റന്റുമാർ.
4. ഫിനാൻസ് ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റ്.
5. സെക്രട്ടറി (ഭരണം) യുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്.
6. സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം

സീനിയർ സൂപ്രണ്ട്